ഉത്തരം

ആന്ധ്രാപ്രദേശിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.*

പൊതുപ്രവർത്തകരുടെ സ്വത്ത് വിവരം

3 (714) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി.ജെ. പൗലോസ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത ആക്ട് പ്രകാരം പൊതുപ്രവർത്തകരുടെ ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള തീയതി എത്ര പ്രാവശ്യം ദീർഘിപ്പിച്ചു എന്ന് അറിയിക്കുമോ;

(ബി) 1999 നവംബർ 16-ന് മുമ്പ് ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത എത്ര മന്ത്രിമാരുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) ഒരു പ്രാവശ്യം. രണ്ടാം പ്രാവശ്യം ദീർഘിപ്പിക്കുന്നതിനുള്ള കേരള ലോകായുക്താ (ഭേദഗതി) ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള സമയ പരിധി 2000, മേയ് 14-ാം തീയതി വരെ ദീർഘിപ്പിക്കുന്നതിന് നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥയുണ്ട്.

ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സഹായധനം

4(715)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക സംഭാവന നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് പൊതുജനങ്ങളിൽ നിന്നോ . സ്ഥാപനങ്ങളിൽ നിന്നോ സംസ്ഥാന സർക്കാരിന് സംഭാവനകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ ലഭിച്ച മൊത്തം തുക എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാന സർക്കാർ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50 ലക്ഷം രൂപ സംഭാവന നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ ജില്ലകളിൽനിന്നായി 26,17,792 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ മാനവീയം പരിപാടി വഴി 29,24,099.10 രൂപ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly